പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. *266 — 13/03/2020 ൽ മറുപടിക്ക്

## ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ

**ചോദ്യം**

**ശ്രീ. എൻ.എ.നെല്ലിക്കുന്ന്**
**,, എൻ. ഷംസുദ്ദീൻ**
**,, പി.ഉബൈദുള്ള**
**,, ടി. വി. ഇബ്രാഹിം**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| | സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ നടപ്പാക്കുന്നതിനായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ? | | സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12/02/2020 ലെ സ.ഉ. (സാധാ) നം. 552/2020/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ഭൂഉടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ജനങ്ങൾക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട സേവനം നൽകുന്നതിനും, ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും യൂണീക് തണ്ടപ്പേർ പദ്ധതി സഹായകമാകുന്നതാണ്. ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓൺലൈനായി ഭൂമി കൈമാറ്റ നടപടികൾ ചെയ്യുന്നതിന് നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ്വെയർ അപ്ഡേഷൻ ചെയ്യുന്നതിന് സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് UIDAI യുടെ അനുവാദം നേടുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ